കണ്ണൂർ ജില്ലയിൽ നിന്ന് ആശ്രിത നിയമനത്തിനായി അപേക്ഷിച്ചിട്ടുള്ളവർ

16 (760) ശ്രീ. കെ. പി. മോഹനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കണ്ണൂർ ജില്ലയിൽ നിലവിൽ ആശ്രിത നിയമനത്തിന് അപേക്ഷനൽകി നിയമനത്തിനായി കാത്തിരിക്കുന്ന എത്രപേർ ഉണ്ടെന്ന് കാറ്റഗറി തിരിച്ച് വ്യക്തമാക്കുമോ ;

(ബി) ഏത് കാലയളവുവരെ അപേക്ഷ നൽകിയവർക്കാണ് നിയമനം നൽകിയതെന്ന് വ്യക്തമാക്കാമോ ;

(സി) ബാക്കിയുള്ളവർക്ക് എന്ന് നിയമനം കൊടുക്കുമെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) സി. ഇ. സെൽ മുഖേ നിയമനത്തിനായി രജിസ്റ്റർ ചെയ്തിട്ടുള്ളവരിൽ കണ്ണൂർ ജില്ലയിൽ നിന്ന് 20 പേരാണ് ഉള്ളത്. അവരുടെ കാറ്റഗറി തിരിച്ചുള്ള എണ്ണം ചുവടെ ചേർക്കുന്നു.

എൽ. ഡി. ക്ലർക്ക്	18
എക്സൈസ് ഗാർഡ്	1
അസി: ഗ്രേഡ്–2	1
ആകെ	20

(ബി) നിയമനം നൽകിയ തസ്തികകളുടെ വിവരം ചുവടെ ചേർക്കുന്നു.

1. എൽ. ഡി. ക്ലാർക്ക് / വില്ലേജ് അസിസ്റ്റന്റ് 9–6–1998 വരെ.
2. അസി: ഗ്രേഡ്–2 13–7–1998 വരെ
3. ആഡിറ്റർ ഗ്രേഡ് –2 25–9–1997 വരെ.
4. ലീഗൽ അസിസ്റ്റന്റ് 8–4–1999 വരെ.
5. എക്സൈസ് ഗാർഡ് 16–6–2000 വരെ.
6. വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ 21–10–1999 വരെ.
7. ലേഡി വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ 29–5–2000 വരെ.
8. എൽ.ഡി. കമ്പയിലർ 22–5–2000 വരെ.

മേൽപ്പറഞ്ഞ തസ്തികകൾ കൂടാതെ പോലീസ് കോൺസ്റ്റബിൾ, ഫോറസ്റ്റ് ഗാർഡ്, എൽ.ഡി. ടൈപ്പിസ്റ്റ്, പ്യൂൺ, ജയിൽ വാർഡൻ എന്നീ തസ്തികകളിലാണ് സി.ഇ. സെൽ വഴിയായി നിയമനം നൽകുന്നത്. ഈ തസ്തികകളിലേയ്ക്ക് ഇപ്പോൾ അപേക്ഷകളൊന്നും ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly

(സി) സി.ഇ. സെല്ലിൽ നിന്നും നിയമനം നൽകുന്ന തസ്തികകളിൽ പോലീസ് കോൺസ്റ്റബിൾ, എക്സൈസ് ഗാർഡ്, ഫോറസ്റ്റ് ഗാർഡ്, ജയിൽ വാർഡൻ എന്നിവർക്ക് ഓരോ വർഷവുമുണ്ടാകുന്ന ഒഴിവുകളുടെ 10 ശതമാനവും മറ്റുള്ളവർക്ക് '5' ശതമാനവുമാണ് നീക്കിവച്ചിട്ടുള്ളത്. അതനുസരിച്ച്, വിവിധ വകുപ്പുകളിൽ നിന്ന് ഒഴിവുകൾ ലഭിക്കുന്ന മുറയ്ക്ക് അപേക്ഷാ തീയതിയുടെ മുൻഗണനാക്രമത്തിൽ നിയമനം നൽകുന്നതാണ്.

കായിക താരങ്ങൾക്ക് ജോലി നൽകുന്ന നടപടി

17 (761) ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. തോമസ് ചാഴികാടൻ :
ശ്രീ. കെ. നാരായണക്കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കായിക താരങ്ങൾക്ക് ജോലി ലഭിക്കുന്നതു സംബന്ധിച്ച് നടപടി ക്രമങ്ങൾ വെളിപ്പെടുത്തുമോ ;

(ബി) നടപ്പുവർഷം എത്ര കായിക താരങ്ങൾക്ക് ജോലി നൽകാനാണ് ഉദ്ദേശിക്കുന്നത് ;

(സി) ഇവർക്ക് ജോലി ലഭിക്കുന്നതിന് നിശ്ചയിച്ചിട്ടുള്ള മാനദണ്ഡം എന്താണെന്ന് അറിയിക്കാമോ ?

ഉത്തരം

(എ) സർക്കാർ സർവീസിൽ പ്രഗൽഭ കായികതാരങ്ങൾക്ക് നിയമനം നൽകുന്നതിന് 4-5-1985-ലെ ജി.ഒ.എം.എസ്. 161/85/പൊഭവ. എന്ന് ഉത്തരവിൽ രൂപവൽക്കരിക്കപ്പെട്ട പദ്ധതി പ്രകാരം പ്രതിവർഷം 20 നിയമനങ്ങളാണ് വിവിധ തസ്തികകളിലേക്ക് നടത്തി വരുന്നത്. ഈ പദ്ധതി പ്രകാരം വിജ്ഞാപനം പുറപ്പെടുവിച്ച് അപേക്ഷകൾ ക്ഷണിക്കുകയും അതു പ്രകാരം ലഭിക്കുന്ന അപേക്ഷകരെ കായിക മികവിന്റെ അടിസ്ഥാനത്തിൽ തെരഞ്ഞെടുത്ത് വിവിധ വകുപ്പുകളിലെ 16 തസ്തികകളിൽ അപേക്ഷകരുടെ വിദ്യാഭ്യാസ യോഗ്യതയുടെ അടിസ്ഥാനത്തിൽ നിയമനം നൽകുകയും ചെയ്തുവരുന്നു.

(ബി) പ്രതിവർഷം 20 ഒഴിവുകളിലേയ്ക്കാണ് നിയമനം നൽകുന്നത്.

(സി) കായിക രംഗത്ത് ലഭിച്ചിട്ടുള്ള ഏറ്റവും മികച്ചനേട്ടങ്ങളുടെ അടിസ്ഥാനത്തിൽ തിരഞ്ഞെടുക്കുന്ന ഇവരെ, വിദ്യാഭ്യാസ യോഗ്യതയുടെ അടിസ്ഥാനത്തിൽ സർക്കാർ നീക്കിവച്ചിട്ടുള്ള വിവിധ തസ്തികകളിലായി നിയമിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly